**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **21-01-2021 - ൽ മറുപടിയ്ക്ക്**

**ധനമാനേജ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി. ടി. ബൽറാം ,<br>ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ ,<br>ശ്രീ. വി .ഡി. സതീശൻ,<br>ശ്രീ. വി. പി. സജീന്ദ്രൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം പാലിച്ചും ധനമാനേജ്മെന്റ് നടത്തുക എന്ന സർക്കാർ നയം വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | സർക്കാർ അവലംബിച്ച ധനമാനേജ്മെന്റ് ഫലപ്രദമായതിനാലാണ് മഹാമാരിയായ കോവിഡിന്റെ പശ്ചാത്തലത്തിലും സാമൂഹ്യ സുരക്ഷാ വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചത്. |
| (ബി) | സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റി വയ്ക്കുന്ന നയം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇപ്രകാരം മാറ്റി വച്ച പ്രധാന ചെലവിനങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (ബി) | പ്രതികൂല സാഹചര്യങ്ങളിൽപോലും വികസന ക്ഷേമ ചെലവുകൾ മാറ്റി വയ്ക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ല. |
| (സി) | മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2019-20 ൽ പദ്ധതി ചെലവിലും പദ്ധതിയേതര ചെലവിലും വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | 2018-19 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2019-20 ൽ പദ്ധതി പദ്ധതിയേതര ചെലവുകളിൽ വർദ്ധനവുണ്ടായിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിചെലവ് 21997.95 കോടി രൂപയും പദ്ധതിയേതര ചെലവ് 98071.87 കോടി രൂപയുമായിരുന്നു. 2019-20 സാമ്പത്തിക വർഷം പദ്ധതി-പദ്ധതിയേതര ചെലവ് യഥാക്രമം 21182.72 കോടി രൂപയും 93202.22 കോടി രൂപയുമായിരുന്നു. |
| (ഡി) | കോവിഡ് കാലത്ത് പുറപ്പെടുവിച്ച വ്യയനിയന്ത്രണ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; അതിലൂടെ സാമ്പത്തികമായി ഉണ്ടായ നേട്ടം വിശദമാക്കുമോ? | (ഡി) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം |

| | | | |
|---|---|---|---|
| | | | വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കുവാൻ സാധിച്ചിട്ടുള്ളത് സർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്. |

സെക്ഷൻ ഓഫീസർ